(ബി) ഈ മാനദണ്ഡങ്ങളിൽ വിസയുടെ കോപ്പി ഹാജരാക്കണമെന്ന വ്യവസ്ഥ നിലവിലുണ്ടോ;

(സി) പാസ്പോർട്ട് ലഭിച്ചതിനുശേഷം മാത്രം ലഭിക്കുന്ന വിസയുടെ കോപ്പി പാസ്പോർട്ട് ലഭിക്കാൻ വേണ്ടി ഹാജരാക്കണമെന്ന പോലീസ് ഉദ്യോഗസ്ഥന്മാരുടെ നിർദ്ദേശത്തിന്റെ അനൗചിത്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പാസ്പോർട്ട് സംബന്ധമായ സ്പെഷ്യൽ പോലീസ് വെരിഫിക്കേഷനും പൊതുവായുള്ള വെരിഫിക്കേഷനും സ്വീകരിക്കേണ്ട മാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും പ്രസിദ്ധീകരിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സ്പെഷ്യൽ പോലീസ് വെരിഫിക്കേഷൻ റിപ്പോർട്ട് നൽകുന്നത് അതാത് ജില്ലാ പോലീസ് സൂപ്രണ്ട്/കമ്മീഷണർമാരാണ്. അപേക്ഷകന് എന്തെങ്കിലും ക്രിമിനൽ പശ്ചാത്തലം ഉണ്ടോ എന്നും, അപേക്ഷകന് അടിയന്തിരമായി പാസ്പോർട്ട് ലഭിക്കേണ്ട ആവശ്യമുണ്ടോ എന്നും ജില്ലാ പോലീസ് സൂപ്രണ്ട്/കമ്മീഷണർമാർ അന്വേഷണം നടത്തിയതിനുശേഷമാണ് സ്പെഷ്യൽ പോലീസ് വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ് നൽകുന്നത്.

(ബി) വിസയുടെ കോപ്പി പോലീസ് അധികാരികൾക്കു മുമ്പാകെ ഹാജരാക്കേണ്ടതില്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) പരിശോധിക്കുന്നതാണ്.

ജോലി തട്ടിപ്പ് സംബന്ധിച്ച കേസുകൾ

157 [798] ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സ്വയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ബോർഡുകളിലും കോർപ്പറേഷനുകളിലും മറ്റും പിൻവാതിലിലൂടെ ജോലി തരപ്പെടുത്തിക്കൊടുക്കാമെന്നു പറഞ്ഞ് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ജോലി തട്ടിപ്പ് നടക്കുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് ഇത്തരത്തിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ;

(സി) ഇതുവരെ ലഭിച്ച കണക്കനുസരിച്ച് എത്ര പേർ തട്ടിപ്പിനിരയായിട്ടുണ്ട്;

(ഡി) പലപ്പോഴും രാഷ്ട്രീയ നേതാക്കളുടെ പേരുകൾ ഉപയോഗിച്ചാണ് തട്ടിപ്പുകൾ നടക്കുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നടന്ന ജോലി തട്ടിപ്പുകളിൽ ഏതെങ്കിലും രാഷ്ട്രീയ നേതാക്കൾക്ക് ബന്ധമുള്ളതായി കണ്ടെത്തിയിട്ടുണ്ടോ;

(എഫ്) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ചില ജില്ലകളിൽ ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 8 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) 19 പേർ.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) ഇല്ല.

(എഫ്) ഉത്തരം 'ഇ'-യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

പോലീസ് സേനയുടെ പ്രവർത്തനം

158 [800] ശ്രീ. ടി. പി. രാമകൃഷ്ണൻ:

,, കെ. രാധാകൃഷ്ണൻ:

,, ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പോലീസ് സേനയുടെ പ്രവർത്തനം വിലയിരുത്താനും, സേവനവും കാര്യക്ഷമതയും മെച്ചപ്പെടുത്തുന്നതിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പോലീസ് സേനയുടെ നവീകരണത്തിനായി സ്വീകരിച്ച നടപടികൾ വെളിപ്പെടുത്തുമോ;

(സി) പോലീസ് സേനയുടെ ഇന്നത്തെ പ്രവർത്തനത്തിൽ പോരായ്മകൾ ഉണ്ടെന്ന് കരുതുന്നുണ്ടോ;

(ഡി) എങ്കിൽ ഇതിന് പരിഹാരം കാണാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് പറയാമോ;

(ഇ) പോലീസ് നവീകരണത്തിന്റെ ഭാഗമായി ആധുനിക സംവിധാനങ്ങൾ ഉപയോഗിച്ച് കുറ്റവാളികളെ കണ്ടുപിടിക്കുന്നതിനും, കുറ്റകൃത്യങ്ങൾ അമർച്ച ചെയ്യുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly